## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : 174 — 17.12.2012-ൽ മറുപടിക്ക്.

### സംസ്ഥാന സുരക്ഷാ കമ്മീഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. സാജു പോൾ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പോലീസിന്റെ പ്രവർത്തനം വിലയിരുത്തുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ; | : (എ) പോലീസിന്റെ പ്രവർത്തനം വിലയിരുത്തുന്നതിന് സംസ്ഥാന സുരക്ഷാ കമ്മീഷൻ, പോലീസ് കംപ്ലയിന്റ് അതോറിറ്റി, പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡ് എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ഇതിനായി നിർദ്ദേശിക്കപ്പെട്ട സംസ്ഥാന സുരക്ഷാ കമ്മീഷൻ പോലീസിന്റെ പ്രവർത്തനം വിലയിരുത്തുകയുണ്ടായോ; കണ്ടെത്തലുകൾ വിശദമാക്കുമോ; | : (ബി) 15.02.2012-ൽ കൂടിയ സംസ്ഥാന സുരക്ഷാ കമ്മീഷന്റെ യോഗത്തിൽ പോലീസിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനായി പ്രസ്തുത കമ്മീഷനിൽ അംഗമായ ശ്രീ.പി.കെ.എച്ച്.തരകൻ ഐ.പി.എസ്.(റിട്ട)-നെ ചുമതലപ്പെടുത്തുകയും അതനുസരിച്ച് അദ്ദേഹം തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ട് വകുപ്പുതലത്തിൽ പരിശോധിച്ചുവരികയുമാണ്.<br><br>15.02.2012-ൽ കൂടിയ സംസ്ഥാന സുരക്ഷാ കമ്മീഷന്റെ യോഗത്തിൽ പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നത് |

(മറുപുറം)

സംബന്ധിച്ച് കമ്മീഷൻ പഠനം നടത്തുകയും കേരളത്തിലെ പോലീസ്-ജന സംഖ്യാനുപാതം 1 : 500 എന്ന നിരക്കിലെങ്കിലും വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണെന്ന് കണ്ടെത്തി. പ്രസ്തുത അനുപാതമനുസരിച്ച് പോലീസ് സേനയുടെ അംഗബലം 68000-മായിട്ടെങ്കിലും ഉയർത്തേണ്ടത് ആവശ്യമാണെന്ന് സംസ്ഥാന സുരക്ഷാ കമ്മീഷൻ വിലയിരുത്തി. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി പോലീസ് സേനയുടെ അംഗബലം പ്രതിവർഷം 5% വീതം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സുരക്ഷാ കമ്മീഷൻ ആവശ്യപ്പെട്ട പശ്ചാത്തലത്തിൽ ആദ്യഘട്ടമായി 2500 തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

| | |
|---|---|
| (സി) പൊതുജനങ്ങളോട് മര്യാദയും സഹാനുഭൂതിയും മാന്യമായ ഭാഷയും ഉപയോഗിക്കാൻ പോലീസിനെ പ്രാപ്തമാക്കാൻ കമ്മീഷൻ ഏതെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;; | : (സി) കമ്മീഷന്റെ 01.11.2012-ലെ യോഗത്തിൽ ഇത്തരത്തിലൊരു നിർദ്ദേശം അംഗങ്ങൾ നൽകിയിട്ടുണ്ട്. |
| (ഡി) പോലീസ് കർത്തവ്യനിർവ്വഹണത്തിനിടയിൽ ശേഖരിക്കുന്ന എല്ലാ വിവരങ്ങളും രഹസ്യമായി | : (ഡി) ഒരു വ്യക്തിയെ സംബന്ധിച്ചോ, സ്ഥാപനത്തിനെ സംബന്ധിച്ചോ ഡ്യൂട്ടിയുടെ ഭാഗമായി പോലീസ് ശേഖരിക്കുന്ന എല്ലാ വിവരങ്ങളും |

(മറുപുറം)

| | |
|---|---|
| സൂക്ഷിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന് വിരുദ്ധമായി ഉണ്ടായിട്ടുള്ള ചോർത്തിക്കൊടുക്കലുകൾ സംബന്ധിച്ച് പരിശോധിക്കുകയുണ്ടായോ; വിശദമാക്കുമോ? | ഔദ്യോഗികാവശ്യങ്ങൾക്കൊഴികെ രഹസ്യമായി സൂക്ഷിക്കേണ്ടതാണെന്ന് കേരളാ പോലീസ് ആക്ട് 2011-ലെ സെക്ഷൻ 31 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. കുറ്റകൃത്യം തെളിയിക്കുന്നതിനും, തടയുന്നതിനും വേണ്ടി ഇത്തരം വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നത് ഔദ്യോഗികാവശ്യമായി കണക്കാക്കാവുന്നതാണ്. പോലീസ് ആസ്ഥാനത്തുനിന്നും ഇ-മെയിൽ ചോർത്തിയതുമായി ബന്ധപ്പെട്ട് സ്പെഷ്യൽ ബ്രാഞ്ച് ആസ്ഥാനത്തുനിന്നും പോലീസ് ആസ്ഥാനത്തുള്ള ഹൈടെക് സെല്ലിലേയ്ക്ക് അയച്ച രഹസ്യ സ്വഭാവമുള്ള കത്തിലെ വിവരങ്ങൾ ചില മാധ്യമങ്ങൾക്ക് ചോർത്തി നൽകിയതുമായി ബന്ധപ്പെട്ട സംഭവങ്ങൾ പോലീസ് അതീവ ഗൗരവത്തോടെ പരിശോധിക്കുകയും പോലീസ് ആസ്ഥാനത്തെ എ.ഐ.ജി. ശ്രീ.സഞ്ജീവ് കുമാർ ഗുരുഡിൻ ഐ.പി.എസ്. സ്റ്റേറ്റ് പോലീസ് ചീഫിന്റെ നിർദ്ദേശാനുസരണം മേൽപ്പറഞ്ഞ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരനെന്ന് കണ്ടെത്തപ്പെട്ട ഹൈടെക് സെൽ ആർ.എസ്.ഐ. ബിജു സലീമിനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. തുടർന്ന് ഈ വിഷയത്തിൽ ക്രൈം നമ്പർ 137/2012 u/s. 409, 465, 468, 471, 379 ഐ.പി.സി. പ്രകാരവും സെക്ഷൻ 5(2) Official Secret Act 1923 പ്രകാരവും സെക്ഷൻ 4 of Police Force (Restriction of Rights) Act 1966 പ്രകാരവും |

(മറുപുറം)

തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനിൽ 02.02.2012-ൽ ഒരു കേസ് രജിസ്റ്റർ ചെയ്യുകയും പ്രസ്തുത കേസ് പിന്നീട് ക്രൈംബ്രാഞ്ചിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ക്രൈം നമ്പർ:247/CR/HHWI/TVM/12 പ്രകാരം ക്രൈംബ്രാഞ്ചിന് കീഴിൽ രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണത്തിൽ പ്രതികൾ 409, 465, 468, 471, 381, 477(A), 201, 212, 218, 153(A) R/w 120(B) IPC & Sec.4 of Police Force (Restriction of Right) Act & Sec.10 R/w 41 of Unlawful activities (Prevention) Act പ്രകാരമുള്ള കുറ്റം ചെയ്തു എന്ന് വെളിവായിട്ടുള്ളതാണ്. ഇതിലെ പ്രതികളായ എസ്.ഐ.ബിജു സലീം, അഡ്വ:ഷാനവാസ്, ഡോ.ദസ്തക്കീർ എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ കേസ്സിലെ മറ്റ് പ്രതികൾക്ക് കേസ്സുമായുള്ള ബന്ധത്തെപ്പറ്റിയുള്ള തെളിവുകൾ ശേഖരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ